REGISTRATION UNDER TRADE UNIONS ACT

* 666. [6] **Sri. D. Gnanasigamoni :** Will the Hon'ble Minister for Labour be pleased to state:—

(*a*) the number of Unions for which registration has been applied for under the Trade Union Act pending registration for more than three months ;

(*b*) the longest pending application for registration ; and

(*c*) the reason for such delay ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** (*a*) The number of unions for which registration has been applied for, pending registration for more than three months : 8.

(*b*) The longest pending application is from the Travancore Meen Thozhilali Union, Nagercoil. The application was received on 4th January 1949.

(*c*) The reason for the delay is the applicant's delay to retransmit the application after rectifying certain defects pointed out from the Registrar's office.

രജിസ്ട്രേഷൻ നൽകിയതു സംബന്ധിച്ച്

*൯൯൭. (൭) ശ്രീ. മങ്കഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസും കൺട്രോളും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരം ഡിവിഷനിൽ രജിസ്ട്രേഷൻ നടത്താൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരായ വിജയമോഹിനിമിൽ അധികൃതരെ അധികാരപ്പെടുത്തിയിട്ടുണ്ടോ;

(ബി) മിൽ അധികൃതർനേരിട്ടു തറികൾ പരിശോധിച്ചുവേണം രജിസ്ട്രേഷൻ കൊടുക്കാൻ എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(സി) ടെക്സ്ടൈൽ കമ്മീഷണർ മുമ്പു കൊടുത്തിരുന്ന എല്ലാ കാർഡുകാരുടേയും തറികൾ മില്ലുകാർ പരിശോധിച്ചിട്ടുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഒരു തറിക്കു് എത്ര രജിസ്ട്രേഷൻ കൊടുക്കേണമെന്നാണു് നിർദ്ദേശം കൊടുത്തിട്ടുള്ളതു്;

(ഇ) നിർദ്ദേശം അനുസരിച്ചു് പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതാരാണു്;

(എഫ്) പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ എന്തെങ്കിലും ക്രമക്കേടുകൾ റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ;

(ജി) മില്ലുകാർ വളരെക്കുറച്ചു തറികളെ പരിശോധിച്ചു രജിസ്ട്രേഷൻ കൊടുക്കുന്നുവെന്നു് പരാതിയുള്ളതായി അറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ടെക്സ്റ്റൈൽ ഇൻസ്പെക്ടർമാർക്കു് ഇതിനെസംബന്ധിച്ചു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ഡി) ഒരു തറിക്കു് ഒരു കെട്ടുവീതം.

(ഇ) ടെക്സ്റ്റൈൽ ഇൻസ്പെക്ടർമാർ.

(എഫ്) ഇല്ല.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മംകഴി എം. മാധവൻ: നെയ്ത്തുകാർ ഇതുവരെയായി എത്ര തറികൾ രജിസ്റ്റർചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിജയമോഹിനി മില്ലിൽനിന്നും നൂല് കിട്ടത്തക്കവണ്ണം എത്രതറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നു പറയണമെങ്കിൽ നോട്ടീസുവേണം.

ശ്രീ. മംകഴി എം. മാധവൻ: ടെക്സ്റ്റൈൽ കമ്മീഷണർ കൊടുത്തിട്ടുള്ള എല്ലാകാർഡുകൾക്കും ഇപ്പോൾ നൂൽ കിട്ടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ടെക്സ്റ്റൈൽ കമ്മീഷണർ കൊടുത്തിട്ടുള്ള എല്ലാ കാർഡുകൾക്കും വിജയമോഹിനി മില്ലിൽനിന്നും നൂല് കിട്ടുന്നില്ല.

ശ്രീ. പി. നാണു: വിജയമോഹിനി മില്ലിൽനിന്നും കൊടുത്തിട്ടുള്ള കാർഡുകളിൽ താല്ക്കാലികതർ എന്തെങ്കിലും മാറ്റംചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: ഈ മില്ലുകാർ കൊടുക്കുന്ന കാർഡുകളിൽ കാണുന്ന പിശകുകൾ തീർത്താൻ എവിടെയാണ് അപേക്ഷിക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് ടെക്സ്റ്റയിൽ കമ്മീഷണരോട് ആവശ്യപ്പെട്ടാൽ മതി.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഒരു തറിക്കു് കൊടുക്കുന്ന നൂല് നെയ്യാൻ മതിയാകാത്തതുകൊണ്ട് അതുവാങ്ങി നെയ്ത്തുകാർ ബ്ലാക്കുമാർക്കറ്റിൽ വിറ്റുവരുന്നു എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കാരണംകൊണ്ടും മറ്റുകാരണങ്ങൾകൊണ്ടും ചിലപ്പോൾ നൂല് ബ്ലാക്കുമാർക്കറ്റിൽ വിൽക്കുന്നുണ്ടെന്നറിയാം.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ഒരു തറിക്കു് നെയ്യുന്നതിനു് മതിയാകത്തക്കവണ്ണം നൂലുകൊടുക്കാൻ ഏർപ്പാടുചെയ്യുകുടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ആഗ്രഹം. പക്ഷെ ഇപ്പോൾ അതു സാദ്ധ്യമല്ലാതാണിരിക്കുന്നതു്.

ശ്രീ. പി. നാണു: എന്തു വിലവച്ചാണ് നൂൽ വില്ക്കാൻ അവരെ അനുവദിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്ലിപ്തപ്പെടുത്തിയിട്ടുള്ള വിലയിൽ നിന്നും പന്ത്രണ്ടരശതമാനം കൂട്ടി വില്ക്കുന്നതിനാണ് ടെക്സ്റ്റൈൽ കൺട്രോൾ ഓർഡർ അനുസരിച്ചുള്ള വ്യവസ്ഥ.

ശ്രീ. പി. നാണു: എന്തുകൊണ്ടാണ് ഈ മില്ലുകാക്കു് ഇങ്ങനെ കൂടുതൽ ആദായം അനുവദിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ ആദായം അനുവദിച്ചിട്ടില്ല. എന്നാൽ ഹോൾസെയിൽകച്ചവടക്കാരുടേയും റീട്ടയിൽ കച്ചവടക്കാരുടേയും വ്യാപാരം നടത്തിക്കൊള്ളുവാൻ അവക്കു പ്രത്യേകം അനുവാദം കൊടുത്തിരിക്കയാണ്.

ശ്രീ. പി. നാണു: എങ്ങിനെയാണ് വ്യാപാരം നടത്തേണ്ടതെന്നു്. വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: എന്താണ് നിർദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. പി. നാണു: ഇന്നവിലവച്ച് വില്ക്കണമെന്നു് ഗവൺമെൻറിൽനിന്നും പരസ്യപ്പെടുത്തുകയോ ലേബൽ കെട്ടിക്കുന്നതിനു് ഏർപ്പാടുചെയ്യുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേതു വിധത്തിലാണ് ചെയ്യാൻ നിർദ്ദേശം നല്കിയിരിക്കുന്നതെന്നു് പറയണമെങ്കിൽ നോട്ടീസ് വേണം. ഏതെങ്കിലും ക്രമക്കേടുകൾ ഉണ്ടെങ്കിൽ അറിയിച്ചാൽ പരിഹരിക്കാൻ നിർദ്ദേശംകൊടുക്കാം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ഈ മില്ലിന്റെ ഉടമസ്ഥൻ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിവില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: നൂൽവിതരണം ഈ മില്ലുകാരെത്തന്നെ ഏല്പിക്കുന്നതിനു് പ്രത്യേകകാരണം വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. നമ്മുടെനാട്ടിലെ കൈത്തറിനെയ്ത്തുകാക്ക് ഫ 0-ാംനമ്പർ നൂലാണു് അധികമായി ആവശ്യമുള്ളതു്. എന്നാൽ അടുത്തകാലത്തു പരുത്തിക്ക നിശ്ചയിച്ചിട്ടുള്ള വിലക്കുറവുകൊണ്ടു് ഫ 0-ാം നമ്പർ നൂലുണ്ടാക്കുന്നതു ലാഭകരമല്ലാതായിട്ടുണ്ടു്. അതിനാൽ പല മില്ലുകാരും ഫ 0-ാംനമ്പർ നൂലുണ്ടാക്കാതെ കൂടുതൽ നേർമ്മയുള്ള മറ്റുതരം നൂലുകൾ ഉണ്ടാക്കുകയാണു് ചെയ്യുന്നതു്. തന്നിമിത്തം ഈനാട്ടിലെ നെയ്ത്തുകാക്ക് ആവശ്യമുള്ള ഫ 0-ാംനമ്പർ നൂലുണ്ടാക്കുവാൻ ഗവൺമെൻറു് ഈ മില്ലിനെ നിർബന്ധിക്കുകയാണു്. അങ്ങിനെ നൂലുണ്ടാക്കുമ്പോൾ അവരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ഉപഭോക്താക്കൾക്ക് നഷ്ടംവരാതെ ആ നൂലു വില്ക്കുന്നതിനുള്ള അവകാശം അവർക്കു കൊടുത്തിരിക്കയാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: തറികൾ പരിശോധിക്കുന്നതിനുള്ള അധികാരം മില്ലുകാർക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. എന്നാൽ തറികളുടെ എണ്ണം നോക്കി നൂലുവിതരണംചെയ്യാൻ അവരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

അരിവിലയും നഷ്ടവും

*നു നു വു. (വു) ശ്രീ. മങ്കഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) യു. പി. യിൽ നിന്നും നമ്മുടെ സംസ്ഥാനത്തിലേക്ക് അരി വാങ്ങിച്ചിട്ടുണ്ടോ;

(ബി) ഇതു് എന്നുവിലയ്ക്കാണു് വാങ്ങിയതു്;

(സി) ഇവിടെ എന്നുവിലക്ക വിറ്റു;

(ഡി) ഇതുമൂലം ഗവൺമെൻറിലേക്ക് എന്നു തുക നഷ്ടം വന്നിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യു. പി. യിൽനിന്നും നമ്മുടെ സംസ്ഥാനത്തിലേക്ക് അരി വാങ്ങിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly